കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി

24 (4059) ശ്രീ. ഇ ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത എത്ര കുടുംബങ്ങളുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ജില്ലയിൽ 2012-13, 2013-14, 2014-15 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാൻ കഴിഞ്ഞതെന്നും കൂലിയിനത്തിൽ എത്ര രൂപയാണ് ചെലവഴിച്ചതെന്നും മണ്ഡലം തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	നിയോജകമണ്ഡലത്തിന്റെ പേര്	രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ
1	മഞ്ചേശ്വരം	17523
2	കാസർഗോഡ്	15704
3	ഉദുമ	30434
4	കാഞ്ഞങ്ങാട്	28473
5	തൃക്കരിപ്പൂർ	32932
	ആകെ	125066

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊട്ടാരക്കര മണ്ഡലത്തിലെ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

25 (4060) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

859/2017.

LIBRARY ARCHIVES Kerala Legislative Assembly